## ഇ വി എച്ച് എസ് എസ്
## ഇളമണ്ണൂർ

# മഞ്ഞുതുള്ളി



# ആമുഖം

ഹൃദയത്തോട് ചേർത്തുവെക്കാൻ ഓർമകളിൽ സൂക്ഷിക്കാൻ അക്ഷരങ്ങളിൽ സ്നേഹം ചാലിച്ച് ഞങ്ങൾക്കും ഒരു മാഗസിൻ .ഈ അക്ഷരമരം ഇവിടെ പൂക്കുമ്പോൾ ഞങ്ങളുടെ ഹൃദയങ്ങളിൽ ഒരായിരം പൂമഴ ഒരുമിച്ച പെയ്യുന്നു .

# ഉള്ളടക്കം

1.തത്ത ..........4

2.ഒളിച്ചിരിക്കും കാറ്റ് ..........5

3.പുസ്തകം വളർത്തിയ കുട്ടി ..........6

4.പുഴ ..........8

5.ക്വിസ് ..........9

6.ഔഷധച്ചെടികൾ ..........10

# തത്ത



പച്ച നിറമുള്ള തത്തേ
പച്ചയുടുപ്പിട്ട തത്തേ
പുഞ്ചവയൽത്തേടി വന്നു
പച്ചില്ലക്കാട്ടീന്നു വന്നു

നെൽക്കതിർ കണ്ടവൾ നിന്നു
പാടവരമ്പത്ത് നിന്നു
ചുണ്ട് ചുവപ്പിക്കാനായി
ചങ്ങാതി വെറ്റില തിന്നു

കൊഞ്ചികുഴയുന്ന തത്തേ
പാട്ടൊന്നു പാടി നീ പോകൂ
പാറിപ്പറക്കുന്ന തത്തേ
പഞ്ചാരപ്പാട്ടൊന്നു പാടൂ

ഗായത്രി.എ
9B

# ഒളിച്ചിരിക്കും കാറ്റ്

കാറ്റേ നിന്നുടെ ചിറകടികാണാൻ
എന്തൊരു കൊതിയെന്നറിയാമോ?
ഇല്ലിക്കാട്ടിൽ മാമലമേട്ടിൽ
കാടുകുലുക്കി പാടിരസിച്ച്
ആടിയുലഞ്ഞുനടന്നൊരു കാറ്റേ ,ഞാൻ
തേടുമ്പോൾ നീ എവിടെയൊളിപ്പൂ?

അക്ഷരനാഥ്
9B

# പുസ്തകം വളർത്തിയ കുട്ടി

ഒരിടത്ത് ഒരു കുട്ടിയും അമ്മയും ഉണ്ടായിരുന്നു. അവർക്ക് ബന്ധുക്കളോ സഹായിക്കാനോ ആരും തന്നെ ഉണ്ടായിരുന്നില്ല. അവനെ വളർത്തിയിരുന്നത് അവൻെറ അമ്മ ഓരോ വീട്ടിലും ഭിക്ഷയാചിച്ചായിരുന്നു.അവന് വിദ്യാഭ്യാസം നൽകാൻ അവൻെറ അമ്മയ്ക്ക് കഴിഞ്ഞിരുന്നില്ല. അവൻെറ അമ്മ വഴിവക്കിലും വീട്ടുമുറ്റത്തും കിടന്നിരുന്ന പത്രകടലാസുകൾ ശേഖരിച്ച് കൊണ്ട് വന്ന്അക്ഷരങ്ങൾഅവനെ പറഞ്ഞുപഠിപ്പിച്ചിരുന്നു. അങ്ങനെ അവന് വായിക്കാനുള്ള ആഗ്രഹം കൂടി വന്നു.

അങ്ങനെ ഒരിക്കൽ അവൻെറ അമ്മയ്ക്ക് ഭിക്ഷയ്ക്ക് പോയ വീട്ടിൽ നിന്ന് ഒരു പുസ്തകം ലഭിച്ചു. അത് മകന് അമ്മ സമ്മാനമായി നൽകി. അത് അവന് ഒരു പ്രചോദനമായി. അത് വീണ്ടും

വായിക്കാനുള്ള ആവേശം കൂട്ടി. ഈ ഒരു പ്രചോദനം മൂലം പല പ്രതിസന്ധികളും തരണം ചെയ്ത് നിരവധി പുസ്ത്കങ്ങൾ വായിക്കാൻ അവന് സാധിച്ചു. അവൻെറ നിരവധി വെല്ലുവിളികൾ നേരിടുന്ന ജീവിതത്തെ അവൻ പിന്നീട് ഒരു കഥയാക്കിമാറ്റി.

ജീവിത യാത്രയിൽ പുസ്ത്കങ്ങളോടൊപ്പം പ്രചോദനമായി മാറിയ ഒരു കഥാകൃത്തുമായി തൻെറ ഈ ചെറുപുസ്ത്കം പങ്കുവെച്ചു.ആദ്യവായനയിൽ തന്നെ ആരെയും ആകർഷിക്കുന്ന ആ പുസ്ത്കം അദ്ദേഹം പ്രകാശനം ചെയ്തു.4-5 മാസങ്ങൾക്ക് ശേഷം അവൻെറ പേരിൽ ജീവിതത്തിൽ ആദ്യമായി ഒരു കൊറിയർ വന്നു. അത് അവൻെറ ജീവിതം മാറ്റിമറിച്ചു.പിന്നീട് അവൻ ലോകമെമ്പാടു അറിയുന്ന കഥാകൃത്തായി മാറി.

അഞ്ജലി.പി
9B

# പുഴ

പലവഴിയായ് പിന്നെ ഒരു വഴിയായി
മഴയിൽ കുളിച്ചും മുങ്ങിത്തുടിച്ചും
പല പല പേരുകളിൽ പരിചിതമായും
പല പല നാടുകളിൽ ചുറ്റിയടിച്ചും
പകയുമില്ല പിണക്കവുമില്ല
നീന്തിത്തുടിക്കുവാൻ നീ വേണം
പുഴ ഒഴുകുന്ന അനന്തതയിലേയ്ക്ക്
പുതിയൊരു പുലരിയെ വരവേൽക്കുന്നു

മേഘലേഖ
9B

# ക്വിസ്

1.ആദ്യമായി ചന്ദ്രനിൽ ഇറങ്ങിയ വാഹനം?

ലൂണ 2(1959)

2.മനുഷ്യൻ ആദ്യമായി ഇറങ്ങിയത് ഏത് വാഹനത്തിലാണ്?

അപ്പോളോ11(1969)

3.ചന്ദ്രൻ ഭൂമിയുടെ നിഴലിൽപ്പെടുന്നതിന് പറയുന്ന പേര് എന്താണ്?

ചന്ദ്രഗ്രഹണം

4.സൗരയൂഥത്തിലെ ഉപഗ്രഹങ്ങളിൽ വലുപ്പത്തിൽ എത്രാം

സ്ഥാനമാണ് ഏത്?

അഞ്ച്

5.ഭൂമിയിൽനിന്നും ചന്ദ്രനിലേക്കുള്ള ദൂരം?

38444000 കിലോമീറ്റർ

ലക്ഷ്മി.എസ്
9A

# ഔഷധ സസ്യങ്ങൾ

## മുക്കുറ്റി



ദശപുഷ്പങ്ങളിൽ ഒന്നാണ് മുക്കുറ്റി.25 സെൻറീമീറ്റർ ഉയരത്തിൽ വളരുന്ന മുക്കുറ്റി വയറ്റിലെ രോഗങ്ങൾക്കും പനിക്കുമൊക്കെ മരുന്നായി ഉപയോഗിക്കുന്നു.അലോപ്പതി മരുന്നുകളിൽ ഉപയോഗിക്കുന്ന ചിലരാസവസ്തുക്കൾ മുക്കുറ്റിയിൽനിന്ന് വേർതിരിച്ചെടുത്തിട്ടുണ്ട്.

# പനിക്കൂർക്ക

ഇലകൾക്ക് നല്ല സുഗന്ധമുള്ള ചെടിയാണ് പനിക്കൂർക്ക.പനി,ചുമ,വയറ്റിലെ അസുഖങ്ങൾ,ജലദോഷം എന്നിവക്കെല്ലാം മരുന്നായി ഉപയോഗിക്കുന്നു.



# ചെത്തി

മലയാളിക്കു നല്ല പരിചയമുള്ള നട്ടുചെടിയാണ് തെച്ചി.അലങ്കാരച്ചെടിയായി വളർത്താറുണ്ട്.മഞ്ഞ,ഓറഞ്ച് തുടങ്ങി പല നിറങ്ങളിലുള്ള തെച്ചികളുണ്ട്.കണ്ണുരോഗങ്ങൾ മാറ്റാൻ മരുന്നായി ഉപയോഗിക്കുന്നു.തെറ്റി,തെച്ചി എന്നെല്ലാം ഈ ചെടിക്കു പേരുണ്ട്.പൂജയ്ക്കും മറ്റും ഈ പൂവ് ഉപയോഗിക്കുന്നു.



# ആടലോടകം




ആടലോടകം രണ്ടു തരമുണ്ട്.വലിയ ഇലയുള്ള ആടലോടകവും ചെറിയ ഇലകളുള്ള ചിറ്റാടലോടകവും.വലിയ ആടലോടകം 2 മീറ്റർ വരെ ഉയരത്തിൽ വളരും.പണ്ടു കാലം മുതലേ പല രോഗങ്ങൾക്കുമുള്ള മരുന്നായി ആടലോടകം മലയാളികൾ ഉപയോഗിച്ചു വരുന്നു.ചുമ ,ശ്വാസകോശരോഗങ്ങൾ എന്നിവയൊക്കെ മാറ്റാൻ ആടലോടകത്തിനു കഴിയുമെന്നുപറയുന്നു

# ചെമ്പരത്തി



മലയാളികളുടെ മുറ്റത്തെ പ്രിയപ്പെട്ട ചെടിയാണ് ചെമ്പരത്തി.പല നിറത്തിലും വലുപ്പത്തിലുമുള്ള പലതരം ചെമ്പരത്തികൾ ഇപ്പോൾ പൂന്തോട്ടത്തിൽ വളർത്താറുണ്ട്.വർഷം മുഴുവൻ പൂക്കുന്ന ചെമ്പരത്തിയുടെ ഇലകൾ പിഴിഞ്ഞെടുക്കുന്ന നീരു പണ്ടു മുതലേ

മുടികഴുകാൻ ഉപയോഗിക്കുന്നു.4 മീറ്റർ വരെ ഉയരത്തിൽ വളരുന്ന ചെടിയാണ് ചെമ്പരത്തി.തൊലിപ്പുറത്തെ രോഗങ്ങൾക്കു മരുന്നായി ഉപയോഗിക്കുന്നു.

# നന്ത്യാർവട്ടം



നന്ത്യർവട്ടത്തിൻെറ പൂക്കൾ ഇട്ട വെള്ളംകൊണ്ട് കഴുകിയാൽ കണ്ണുരോഗങ്ങൾ മാറുമെന്നാണ് വിശ്വാസം.ഔഷധഗുണമുള്ള ധാരാളം രാസപദാർഥങ്ങൾ നന്ത്യാർവട്ടത്തിൻെറ ഇലയിലും പൂവിലുമുണ്ട്.നന്ത്യാർവട്ടത്തിൻെറ നീരിന് മുറിവ് വേഗം ഉണക്കാൻ കഴിവുണ്ടെന്നും പറയപ്പെടുന്നു.

ബിമൽ.ബി
9B